District Mental Health Programme
Thiruvananthapuram -695005
E-mail:dmhptvpm2@gmail.com
Phone No: 9846854844
Date: 27.07.2024

# District Mental Health Programme, Thiruvananthapuram

**നം.51/2024/ഡി.എം.എച്ച്.പി/റ്റിവിപിഎം**

## ടെൻഡർ നോട്ടീസ്

തിരുവനന്തപുരം ജില്ലാമാനസികാരോഗ്യപരിപാടിയുടെ മാനസികാരോഗ്യ ക്ലിനിക്കുകൾ, ക്യാമ്പുകൾ, ബോധവത്കരണ ക്ലാസുകൾ, പരിശീലനപരിപാടി എന്നിവ നടത്തുന്നതിനു വേണ്ടി കരാർ അടിസ്ഥാനത്തിൽ വണ്ടി വാടകയ്ക്കെടുക്കുന്നതിലേക്കായി ടൂറിസ്റ്റ് പെർമിറ്റ് ഉള്ള സ്വകാര്യ വാഹന ഉടമകളിൽ നിന്ന് മുദ്ര വച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. വാഹനത്തിന്റെ വിശദ വിവരം താഴെകൊടുത്തിരിക്കുന്നു.

1. ഏഴു പേർക്ക് ഇരിക്കാവുന്നതും എയർ കണ്ടീഷൻഡുമായിരിക്കണം.
2. നല്ല റണ്ണിംഗ്കണ്ടിഷനിൽ ഉള്ളതായിരിക്കണം
3. എർട്ടിഗ/ക്യാരൻസ്/ മറാസോ/ഇന്നോവ മുതലായവ

ദർഘാസുകൾ വിൽക്കുന്ന അവസാന തീയതി, സ്വീകരിക്കുന്ന അവസാന തീയതി, തുറക്കുന്ന തീയതി,സമയം ഉൾപ്പെടെ താഴെക്കൊടുത്തിരിക്കുന്നു.

| | |
|---|---|
| വിൽക്കുന്ന അവസാന തീയതി, സമയം | : 27.08.2024(ചൊവ്വ), വൈകുന്നേരം 3 മണി |
| സ്വീകരിക്കുന്ന അവസാന തീയതി, സമയം | : 29 .08.2024 (വ്യാഴം), വൈകുന്നേരം 3 മണി |
| തുറക്കുന്ന തീയതി,സമയം | : 30.08.2024(വെള്ളി), വൈകുന്നേരം 3 മണി |

ദർഘാസുകളിൽ ടെൻഡർ രേഖപ്പെടുത്തി **'ജില്ലാ നോഡൽ ഓഫീസർ , മാനസികാരോഗ്യ പരിപാടി, തിരുവനന്തപുരം'** എന്ന വിലാസത്തിൽ 29.08.2024 (വ്യാഴം), വൈകുന്നേരം 3 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. സ്വീകാര്യമായ ദർഘാസുകൾ നല്കിയവരുടെയോ അവർ അധികാരപ്പെടുത്തിയവരുടെയോ സാന്നിദ്ധ്യത്തിൽ 30.08.2024 (വെള്ളി), വൈകുന്നേരം 3 മണിക്ക് മുദ്ര വച്ച ദർഘാസുകൾ തുറക്കുന്നതാണ്. ദർഘാസുകൾ വിൽക്കുന്ന അവസാന തീയതി 27.08.2024 (ചൊവ്വ) വൈകുന്നേരം 3 മണി വരെയാണ്. ദർഘാസ് ഫാറം ആവശ്യമുള്ളവർ അതിന്റെ വില *'ജില്ലാ മാനസികാരോഗ്യപരിപാടി, മാനസികാരോഗ്യകേന്ദ്രം, തിരുവനന്തപുരം'* ഓഫീസിൽ നിന്ന് പ്രവർത്തി ദിവസങ്ങളിൽ നേരിട്ട് അടച്ച് വാങ്ങാവുന്നതാണ് (രാവിലെ 10 മണി മുതൽ വൈകുന്നേരം 3 മണി വരെ).

ടെൻഡറിനെ സംബന്ധിച്ചുള്ള പ്രത്യേക നിബന്ധനകളും വിശദാംശങ്ങളും ഫാറത്തിനോടൊപ്പം ലഭിക്കുന്നതാണ്.

പോസ്റ്റൽ ഓർഡേഴ്സ്, പോസ്റ്റൽ സ്റ്റാമ്പ്,ബാങ്ക് ഡ്രാഫ്റ്റ്,ബാങ്കേഴ്സ് ചെക്ക് എന്നിവ ടെണ്ടർ ഫോമിന്റെ വിലയായി സ്വീകരിക്കുന്നതല്ല.

DISTRICT MENTAL HEALTH PROGRAMME
THIRUVANANTHAPURAM

ജില്ലാ നോഡൽ ഓഫീസർ

പകർപ്പ് :

1.വെബ്സൈറ്റ്, ഡി.എച്ച്.എസ്സ്, തിരുവനന്തപുരം
2.നോട്ടീസ്ബോർഡ്, ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), തിരുവനന്തപുരം
3.നോട്ടീസ്ബോർഡ്,മാനസികാരോഗ്യ കേന്ദ്രം,തിരുവനന്തപുരം
4.ഫയൽ/സ്റ്റോക്ക് ഫയൽ